# തൂലിക


Newsletter of
Jesus Youth
*Dubai*

Issue 563
28 June 2019
www.thoolikaa.net





## സ്വർഗ്ഗീയ വഴിയിലെ ആറു തൂണുകൾ

പേജ് 4 കാണുക

"യുവാവു തന്റെ മാർഗം എങ്ങനെ നിർമലമായി സൂക്ഷിക്കും?
അങ്ങയുടെ വചനമനുസരിച്ചു വ്യാപരിച്ചു കൊണ്ട്."

*സങ്കീ. 119:9*



ലക്കം 563
28 ജൂൺ 2019

# തൂലിക

ജീസസ് യൂത്ത് ദുബായുടെ വാരാന്ത്യ പതിപ്പ്

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| നുറുങ്ങുചിന്ത | 07 |
| യൂകാറ്റ് കോർണർ | 08 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 08 |
| വാർത്തകൾ | 09 |
| അറിയിപ്പുകൾ | 10 |


## മൊഴിമുത്തുകൾ

"സഹോദരന്റെ ഭാഗധേയത്തെ സംബന്ധിച്ച് തനിക്ക് ഉത്തരവാദിത്വമില്ലെന്ന് കായേൻ പറഞ്ഞതുപോലെ പറയാൻ ഒരു വ്യക്തിക്കും അവകാശമില്ല."

ജോൺ രണ്ടാമൻ മാർപാപ്പ

(1920-2005)



## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | **ടിൻസി** 56 4897592<br>ശനി 8:30 pm 9:30 pm |
| ബർദുബായ് | **ആന്റോ** 056 532 2165<br>ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | **ആൻസി** 052 7539188<br>ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | **സുനിൽ** 050 1470885<br>ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | **ജസ്റ്റിൻ** 055 799 5582<br>ശനി 8:30 pm 10:00 pm |
| സോനാപൂർ | **ഫ്രാൻസിസ്** 056 9645184<br>ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | **ഡയസ്** 050 9197658<br>ബുധൻ 8:15 pm 9:30 pm |
| റാഷിദിയ | **ലിജോ കുരുവിള**<br>050 9414120<br>തിങ്കൾ 8:30 pm 09:30 pm |
| മുത്തീന | **ജോജോ തോമസ്**<br>052 1158226<br>ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | **പ്രിൻസ് ജോർജ്ജ്**<br>052 7087623<br>ഞായർ 8:30 pm 9:45 pm |
| സത്‌വ | **സെബി** 0554 4207201<br>ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | **സബിൻ** 052 8838576<br>ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | **റീഗൻ** 052 2011701<br>ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | **ജോർമ്മി** 052 9783044<br>വ്യാഴം 10:00 pm 11:00 pm |

# ക്രൂശിതന്റെ ഫാൻസ്...



കുറച്ചു നാളുകൾക്ക് മുമ്പ് പത്രത്തിൽ വന്ന ഒരു വാർത്ത നമ്മിൽ കുറേയാളുകളെങ്കിലും കണ്ടിരിക്കാം. ഒരു പ്രമുഖ താരത്തിന്റെ പുതിയ സിനിമ ഇറങ്ങിയ  ദിവസം താരാരാധനയുടെ ആവേശത്തിൽ ഒത്തുകൂടിയ ആളുകൾ. ആവേശം കൂടിയപ്പോൾ അത് ഒരു അപകടത്തിന് വഴിവെക്കുന്നു. അതിൽ ഒരാൾക്ക് സാരമായി പരിക്കേൽക്കുകയും ചെയ്യുന്നു. എന്നാൽ, പരിക്കേറ്റ ആളെ ശുശ്രൂഷിക്കുവാനോ ഒന്ന് തിരിഞ്ഞുനോക്കുവാനോ ശ്രമിക്കാതെ ബാക്കിയുള്ളവർ ആവേശത്തിൽ മുങ്ങിപ്പോയിരുന്നു.

ഇങ്ങനെ, ഓരോ സിനിമകൾ ഇറങ്ങുമ്പോഴും എത്ര ആവേശത്തോടെയാണ് ആളുകൾ അതിനെ വരവേൽക്കുന്നത്. ഓരോ സിനിമയിലെയും താരങ്ങളുടെ  വസ്ത്രങ്ങളും വേഷപകർച്ചകളുമെല്ലാം അതേപടി പകർത്തിക്കൊണ്ടു അവരെ അനുകരിക്കുവാൻ അവരുടെ ആരാധകർ മത്സരിക്കുന്ന കാഴ്ച്ചകൾ നാം ദിനംപ്രതി കാണുന്നുണ്ട്. സിനിമയെയും താരാരാധനയെയും അടച്ചാക്ഷേപിക്കുവാനൊന്നുമല്ല ഇത്രയും പറഞ്ഞത്. ചില കാര്യങ്ങൾ കുറിച്ചുവെയ്ക്കുന്നു,  അത്രമാത്രം.

എന്റെ പ്രിയപ്പെട്ടവരെ, താരങ്ങളെ അനുകരിക്കുവാൻ നാം എന്തിനും തയ്യാറാകുന്നു. എന്നാൽ, തമ്പുരാനെ അനുകരിക്കുവാൻ നാം എന്തു ചെയ്യുന്നുണ്ട്? എപ്പോഴെങ്കിലും ആലോചിച്ചു നോക്കിയിട്ടുണ്ടോ? കാലിത്തൊഴുത്തു മുതൽ കാൽവരിയുടെ വിരിമാറുവരെ ജീവിതം നമുക്കായി വീതിച്ചു തന്നുകൊണ്ടാണ് അവൻ നമുക്കു മാതൃക കാണിച്ചുതന്നത്. ഒപ്പമായിരിക്കുവാൻ അപ്പത്തോളം ചെറുതായവന്റെ ജീവിതത്തെ നമ്മുടെ ജീവിതത്തിലേക്ക് പകർത്തുവാൻ നമുക്കും കഴിയണം. ജീസസ് യൂത്ത് മുന്നേറ്റത്തിലെ സ്ഥായി ഭാവങ്ങളായ 6 പില്ലേഴ്സ് നമ്മെ അതിലേക്ക് നയിക്കാനുതകുന്നവയാണ്. രാത്രിയുടെ ഏകാന്ത യാമങ്ങളിൽ പിതാവുമൊത്തു പ്രാർത്ഥനയിൽ ചിലവഴിച്ച ക്രിസ്തുവിനെപ്പോലെ നമുക്കും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനയിൽ ദൈവസാമിപ്യം അനുഭവിക്കുവാൻ കഴിയണം. ഗലീലിത്തീരങ്ങളിൽ സ്നേഹത്തിന്റെ സുവിശേഷവുമായി കടന്നുചെന്ന്, ആലംബഹീനർക്ക് അത്താണിയായിത്തീർന്ന ക്രിസ്തുവിനെപ്പോലെ, നമ്മുടെയുള്ളിലും അപരനോടുള്ള സ്നേഹം ജ്വലിക്കട്ടെ. തിരുവചനത്തിൽ ആഴപ്പെട്ട്, കൂദാശകളാൽ പോഷിപ്പിക്കപ്പെട്ട്, സ്നേഹത്തിന്റെ സുവിശേഷവുമായി നമുക്ക് വേദനിക്കുന്നവരിലേക്ക് കടന്നുചെല്ലാം. ഈ ആറ് സ്തൂപങ്ങളിൽ  അടിസ്ഥാനപ്പെടുത്തിക്കൊണ്ട് നമ്മുടെ ജീവിതശൈലിയെ രൂപപ്പെടുത്താം. അങ്ങനെ ലോകത്തിൽ പടർന്നുപിടിക്കട്ടെ, ക്രിസ്തുവിന്റെ ഫാൻസ് അസോസ്സിയേഷനുകൾ. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ...

സ്നേഹപൂർവ്വം,
റിജോ മണിമല
എഡിറ്റർ

ലേഖനം: *റീഗൻ*

**Personal prayer**
**Word of God**
**Sacremental life**
**Fellowship**
**Evangelization**
**Option for poor**

JY *Life Style*

## സ്വർഗ്ഗീയ വഴിയിലെ
# ആറു തൂണുകൾ

പപ്പയുടെ കൂടെ കാർ വാങ്ങാൻ പോയതാണ് അപ്പു. ടൗണിലുള്ള ഒരു സെക്കന്റ് ഹാൻഡ് ഷോറൂമിൽ പപ്പ ഓരോ കാറും പരിശോധിക്കുന്നത് അപ്പു കൗതുകത്തോടെ നോക്കി നിന്നു. മൂന്നു നാല് കാറുകൾ പരിശോധിച്ച ശേഷം ഒന്നിലും തൃപ്തി വരാതെ അടുത്ത കാറുകൾ പരിശോധിക്കുകയാണ് പപ്പ. കാറുകൾ ഓടിച്ചു നോക്കിയശേഷം എന്തൊക്കെയോ കടക്കാരനോട് പറയുന്നു. അവസാനം ഒരു കാർ ഓടിച്ചു നോക്കി വന്നശേഷം പപ്പയ്ക്ക് വളരെ സന്തോഷമായി. ആ കാറിനെപ്പറ്റി കൂടുതലായി ചോദിക്കുകയും അവസാനം അത് വാങ്ങുകയും ചെയ്തു.

കാറുമായി വീട്ടിലേക്ക് വരുമ്പോൾ അപ്പു, സംശയങ്ങൾ ഓരോന്നായി തുറന്നു വിട്ടു. 'പപ്പ, എല്ലാ കാറും നല്ല ഭംഗി ആയിരുന്നല്ലോ, പിന്നെ എന്താ അതൊന്നും പപ്പയ്ക്ക് ഇഷ്ടപ്പെടാത്തത്...?' പപ്പ മറുപടി പറഞ്ഞു, 'അപ്പൂസേ, കാറുകളുടെ ഭംഗി മാത്രം നോക്കിയിട്ട് കാര്യമില്ല. ഓരോന്നിനും ഓരോ പ്രശ്നങ്ങളാ... പപ്പ ആദ്യം ഓടിച്ചു നോക്കിയതിന്റെ എ.സി. വർക്ക് ചെയ്യുന്നില്ല. രണ്ടാമത്തേതിന് ബ്രേക്ക് കുറവ് ആണ്. പിന്നെ കണ്ടതിന് ടയർ മോശം ആണ്... അങ്ങനെ, പപ്പ തിരഞ്ഞു പിടിച്ചു നോക്കിയപ്പോൾ, ദാ... ഈ കാർ കണ്ടു... ഇതാണേൽ എല്ലാം നന്നായി വർക്ക് ചെയ്യുന്നുണ്ട്. വേറെ കുഴപ്പം ഒന്നും ഇല്ല.' 'ഹോ! ഈ പപ്പയെ സമ്മതിക്കണം. ഒരു കാർ വാങ്ങുവാൻ എന്തൊക്കെയാ നോക്കിയത്', അപ്പൂസിന് അതിശയമായി.

ചെറിയ ചിരിയോടെ പപ്പ പറഞ്ഞു, 'അപ്പൂസേ... ഇതൊക്കെ നോക്കണ്ടേടാ... കാറിൽ ഉള്ളവരുടെയും സുരക്ഷ പ്രധാനം അല്ലേ... അതിന് ഈ കാറിന്റെ എല്ലാ ഭാഗവും നന്നായി വർക്ക് ചെയ്യണം.' അപ്പൂസിന് വലിയ സന്തോഷമായി.

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചു, പ്രത്യേകിച്ച് ഒരു ജീസസ്സ് യൂത്തിനെ സംബന്ധിച്ച് തന്റെ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കുറച്ച് കാര്യങ്ങൾ, അവയിലേക്കാണ് നിങ്ങളുടെ ശ്രദ്ധ തിരിക്കുന്നത്.

ഒരു നല്ല ജീസസ്സ് യൂത്താകുവാൻ നമ്മെ സഹായിക്കുന്ന തൂണുകൾ. ഒരു ജീവിതശൈലിയായി നാം കാണേണ്ട 6 കാര്യങ്ങൾ. Personal prayer, Word of God, Sacremental life, Fellowship, Evangelization, Option for poor എന്നിങ്ങനെ നാം വിളിക്കുന്ന 6 Pillers. നമ്മെയും നമ്മുടെ ചുറ്റുമുള്ള സമൂഹത്തിന്റെയും നന്മയ്ക്കായി നാം കരുതേണ്ട ചില ശീലങ്ങൾ. നേരത്തെ പറഞ്ഞ കഥയിൽ ഒരു കാറിന്റെ എല്ലാ ഭാഗങ്ങളും നന്നായി വർക്ക് ചെയ്യണം. ഒരു ഘടകം പോലും മോശം ആകരുത്. എന്നാലേ ആ കാർ കൊണ്ട് ഗുണം ഉള്ളൂ. അതുപോലെ ഈ തൂണുകളിൽ ഒന്നിലും കുറവ് വരാതെ നാം നോക്കണം.

വളരെ ലളിതമായി പറഞ്ഞാൽ യേശു ചെയ്തിരുന്ന കാര്യങ്ങൾ തന്നെയല്ലേ ഇതെല്ലാം. തനിച്ചു പ്രാർത്ഥിക്കാൻ മലയിലേക്ക് പോകുമ്പോഴും, സിനഗോഗുകളിൽ വചനം പ്രസംഗിച്ചപ്പോഴും, യോഹന്നാനിൽ നിന്ന് മമ്മോദീസ സ്വീകരിച്ചു, ദേവാലയത്തിൽ പോകുമ്പോഴും, ശിഷ്യരോടും ജനകൂട്ടത്തോടും കൂടെ ആയിരിക്കുമ്പോഴും, സുവിശേഷം പ്രസംഗിച്ചു ഓരോ പട്ടണങ്ങളിൽ സഞ്ചരിച്ചപ്പോഴും ദരിദ്രരുടെ ഭവനങ്ങളിൽ ഭക്ഷണത്തിരുന്നപ്പോഴും യേശുവിന്റെ ജീവിത ശൈലിയായിരുന്നു ഇതെല്ലാം.

ശിഷ്യർക്കുപോലും യേശു കൂടെയായിരുന്നപ്പോൾ വളർത്തിയെടുക്കാൻ പറ്റാതിരുന്ന ഈ ജീവിതശൈലികൾ, പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ അവരറിയാതെ തന്നെ അവരിൽ രൂപപ്പെടുകയായിരുന്നു. നമ്മെയും ഈ ശൈലിയിൽ വളരാൻ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. വഴിയും സത്യവും ജീവനും ഞാനാണ് എന്ന് പറഞ്ഞവന്റെ വഴിയെ നടക്കാൻ നമ്മെ സഹായിക്കുന്ന നമ്മുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവ്. ജീവിതശൈലി രോഗങ്ങളിൽനിന്നും സൗഖ്യമാകാൻ നാം കഴിക്കുന്ന മരുന്ന് പോലെയാണ് നമ്മുടെ ഉള്ളിലുള്ള പരിശുദ്ധാത്മാവ്.

"കർത്താവേ, മരുന്നോ ലേപനൗഷധമോ അല്ല, എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത് "(ജ്ഞാനം 16: 12). നമ്മിൽ വചനം നിറയുമ്പോൾ നമ്മുടെയുള്ളിൽ പരിശുദ്ധാത്മാവ് ജ്വലിക്കുന്നു. നമ്മുടെ ആത്മീയ ജീവിതശൈലിയിലൂടെ രോഗങ്ങളെ പരിശുദ്ധാത്മാവ് സുഖമാക്കുന്നു. ഒരു നല്ല ജീവിതശൈലി രൂപപ്പെടുത്തുവാൻ നമ്മെ സഹായിക്കുന്നു.

"ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്"( റോമാ 8: 14).

പാരമ്പര്യമായി നമ്മുടെ അപ്പച്ചന്റെയും അമ്മച്ചിയുടെയും സ്വഭാവഗുണങ്ങൾ ഉള്ളവരാണ് നാമെല്ലാവരും. നമ്മുടെ സ്വർഗത്തിലെ അപ്പനിൽനിന്നും

*തുടർച്ച... പേജ് 8*

# വി. സിഗ്മുണ്ട് ഗൊറാസ് ഡോവ്സ്ക്കി (1845-1920)

**സെന്റ് ജോസഫ് സിസ്റ്റേഴ്സിന്റെ സഭാസ്ഥാപകൻ.**

1845 നവംബർ 1-ാം തീയ്യതി യുക്രെയിനിലെ സാനോക്കിൽ സിഗ്മുണ്ട് ഭൂജാതനായി. മാതാപിതാക്കൾ ജീവിതത്തെ ഗൗരവപൂർവ്വം വീക്ഷിക്കുന്ന ഭക്തക്രിസ്ത്യാനികളായിരുന്നു. തന്നിമിത്തം കഷ്ടപ്പാടുകളുടെയും ക്ലേശങ്ങളുടെയും ഇടയിൽ പോലും സമചിത്തത പുലർത്തുന്ന ഭക്തനായി വളരാൻ സിഗ്മുണ്ടിന് പരിശീലനം ലഭിച്ചു.

ബാല്യം മുതൽ ശ്വാസകോശസംബന്ധമായ ചില പ്രശ്നങ്ങൾ സിഗ്മുണ്ടിനെ അലട്ടിയിരുന്നു. എന്നാൽ അതൊന്നും മറ്റുള്ളവരെ സഹായിക്കുന്നതിൽനിന്ന് അദ്ദേഹത്തെ പിന്തിരിപ്പിച്ചില്ല. സദാ സഹായഹസ്തവുമായി ഏവരുടെയും പക്കലോടിയെത്തുന്ന പ്രാകൃതിയായിരുന്നു സിഗ്മുണ്ടിന്റേത്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ല്വിവിൽ നിയമപഠനം രണ്ടാംവർഷമായപ്പോൾ കത്തോലിക്കാ സെമിനാരിയിൽ ചേരാൻ തീരുമാനമെടുത്തു.

ല്വിവിൽ പഠനം പൂർത്തിയാക്കിയ സിഗ്മുണ്ടിന്റെ ആരോഗ്യം വളരെ മോശമായിരുന്നതിനാൽ രണ്ടുവർഷക്കാലം തീവ്രമായ ചികിത്സയ്ക്കു വിധേയനായിക്കഴിഞ്ഞു. 1871 ജൂലൈ 21-ാം തീയ്യതി അദ്ദേഹം വൈദീകാഭിഷേകം സ്വീകരിച്ചു. തുടർന്ന് ആറു വർഷക്കാലം ഇടവക വികാരിയും അഡ്മിനിസ്ട്രേറ്ററുമായി ടാർട്ടോക്കോവ് വോജ്നിലോ, ബുക്കാക്സോ, ഗ്രോഡ്ജഗലോൻസ്ക്കി, സിഡാസ്ക്കോ എന്നീ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തു. വൈദീക കടമകളുടെ നിർവ്വഹണത്തിനും ഉപവിപ്രവൃത്തികൾക്കുമായി ജീവിതം സമ്പൂർണ്ണമായി വിനിയോഗിച്ചു.

ദിവ്യകാരുണ്യാരാധനയിലും ദിവ്യകാരുണ്യപരികർമ്മത്തിലും നിന്ന് ശക്തിസംഭരിച്ചുകൊണ്ട് സിഗ്മുണ്ട് രോഗികൾക്കും ദരിദ്രർക്കും ആവശ്യത്തിലിരിക്കുന്നവർക്കും വേണ്ടി സ്വയം സമർപ്പിച്ചു. വോജ്നിലോയിൽ കോളറാ പടർന്നു പിടിച്ചപ്പോൾ വീരോചിതമായ ശുശ്രൂഷയ്ക്ക് അദ്ദേഹം തയ്യാറായി. രോഗബാധിതനായേക്കുമെന്നുള്ള ഭയം വെടിഞ്ഞുകൊണ്ട് രോഗികളെ പരിചരിക്കാൻ മാത്രമല്ല, മൃതരെ സംസ്ക്കരിക്കാനും സിഗ്മുണ്ടച്ചൻ രംഗത്തിറങ്ങി.

ഇടവക ജനത്തിന്റെ ആദ്ധ്യാത്മിക സുസ്ഥിതിയും വളർച്ചയും ലക്ഷ്യം വച്ചുകൊണ്ട് അദ്ദേഹം നിരന്തരം അദ്ധ്വാനിച്ചിരുന്നു. മാതാപിതാക്കളെയും അദ്ധ്യാപകരെയും യുവജനങ്ങളെയും സഹായിക്കാൻ വേണ്ടി മതബോധന ഗ്രന്ഥവും ഇതര പുസ്തകങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചു. ദരിദ്രരും വേദനിക്കുന്നവരുമായ ജനങ്ങൾക്കുവേണ്ടി നിരവധി പ്രേഷിത ജോലികളും അദ്ദേഹം തുടങ്ങി.

1877-ൽ ല്വിവിലെ വിനിക്കൊളാസ് ഇടവകയിൽ വലിയ ഒരു അദ്ധ്യാത്മിക ഉപവിപ്രസ്ഥാനം അദ്ദേഹം ആരംഭിച്ചു. 40 വർഷക്കാലം വിവിധ സ്കൂളുകളിലായി അവിടെ അദ്ദേഹം ജോലി ചെയ്തു. നല്ല അജപാലകൻ എന്ന പേരിൽ വൈദീകൻമാർക്കായി ഒരു സംഘടനയും സ്ഥാപിച്ചു.

വേദനകളും ആവശ്യങ്ങളും നിറഞ്ഞ മനുഷ്യരുടെ നേർക്കുള്ള അദ്ദേഹത്തിന്റെ ഉപവി വിവിധ രൂപങ്ങളിൽ പ്രകടിതമായി. ഭവനരഹിതർക്കായി ഒരു ഭവനം, മരണാസന്നർക്കും വിശേഷാ പരിചരണമാവശ്യമുള്ളവർക്കായി

*തുടർച്ച... പേജ് 10*

# ഭയം എന്തിന്? നിന്റെ ഹീറോ യേശുവല്ലേ... (ഷിജോ ജോസഫ്)

ഒരിടത്ത് ഭീരുവായ ഒരു വ്യക്തിയുണ്ടായിരുന്നു. ചുറ്റുമുള്ള എന്തിനെയും അയാൾ ഭയപ്പെട്ടു. ആളുകളുടെ മുഖത്തു നോക്കാനും സംസാരിക്കാനുമെല്ലാം അയാൾ ഭയപ്പെട്ടു. അങ്ങനെയിരിക്കെ, അയാളുടെ സുഹൃത്ത് അയാളെ ഒരു ഗുരുവിന്റെ അടുക്കൽ കൊണ്ടുപോയി. ആയോധനകലകളിൽ അഗ്രഗണ്യനായ ഗുരു അയാളുടെ പ്രശ്നം ശ്രദ്ധിച്ചു കേട്ടു. ഭയം മാറ്റി തരാം എന്ന് ഉറപ്പു കൊടുത്ത ഗുരു ഇയാളോട് അടുത്തുള്ള പട്ടണത്തിൽ പോകാനും അവിടെ കാണുന്ന ഇരുപത് പേരോട് താൻ ഭീരുവാണെന്ന് പറയാനും ആവശ്യപ്പെട്ടു. ആവശ്യം അയാളെ കുഴക്കി. എന്നാൽ, ഗുരു പറഞ്ഞത് അനുസരിക്കാൻ അയാൾ തീരുമാനിച്ചു താൻ ഭീരുവാണ് എന്ന് പറയാൻ പട്ടണത്തിലെത്തി. പക്ഷേ, ആരുടെയും മുഖത്ത് നോക്കാൻ ധൈര്യം ഇല്ലാത്തതിനാൽ പറയാതെ ആദ്യദിവസം തിരിച്ചു വരേണ്ടി വന്നു. ഇങ്ങനെ രണ്ടാഴ്ച്ചകൾ കടന്നുപോയി. എന്നാൽ, ഇനിയും നീട്ടിക്കൊണ്ടു പോകുന്നതിൽ അർത്ഥമില്ല എന്ന് അയാൾ മനസ്സിലാക്കി. ആദ്യ കടമ്പ കടന്ന് ഗുരുവിന്റെ അടുത്തെത്തി ഭയം മാറ്റിയെടുക്കണം. രണ്ടും കൽപ്പിച്ച് അയാൾ വീണ്ടും പട്ടണത്തിലെത്തി.

ആദ്യം കണ്ട ആൾക്ക് കൈ കൊടുത്ത ശേഷം പറഞ്ഞു, സാർ ഞാൻ ഒരു ഭീരുവാണ് മുഖത്തു നോക്കാതെയാണ് അയാൾ ഇത്രയും പറഞ്ഞത്. അതിനു ശേഷം പിന്നീട് കണ്ട ആളുടെ കൈപിടിച്ച് അദ്ദേഹം പറഞ്ഞു ഞാൻ ഒരു ഭീരുവാണ്. എന്നാൽ, ഓരോ തവണയും ഇതുപറയുമ്പോൾ തനിക്ക് എന്തോ മാറ്റം സംഭവിക്കുന്നതായി അയാൾക്ക് തോന്നി. ഇരുപതാമത്തെ ആളോട് പറയും മുമ്പ് മറ്റുള്ളവരുടെ മുഖത്ത് നോക്കി സംസാരിക്കാൻ തുടങ്ങിയിരുന്നു. ഒടുവിൽ അവസാനത്തെ ആളോട് പറയും മുമ്പേ തന്നെ ഭയം എവിടെയോ നഷ്ടപ്പെട്ടു പോയി എന്ന് അയാൾ തിരിച്ചറിഞ്ഞു. ഇതിനു ശേഷം അയാൾ ഗുരുവിന്റെ മുന്നിലെത്തി പറഞ്ഞു: ഗുരുവെ, എനിക്കിപ്പോൾ ആരുടെയും മുഖത്തുനോക്കി സംസാരിക്കാൻ ഭയമില്ല. പക്ഷേ, ഇതെങ്ങനെയാണ് സംഭവിച്ചതെന്ന് അറിയില്ല. ഗുരു ഒന്ന് പുഞ്ചിരിച്ചു. അതിനുശേഷം അയാളോട് പറഞ്ഞു: കാര്യം വളരെ ലളിതമാണ്. എപ്പോൾ മുതലാണ് നീ ഭീരുവാണ് എന്ന് അംഗീകരിച്ചത് അല്ലെങ്കിൽ നിനക്ക് ഒരു പ്രശ്നമുണ്ടെന്ന് തിരിച്ചറിഞ്ഞത് നിമിഷം മുതൽ പരിഹരിക്കാനുള്ള കഴിവ് നീ ആർജ്ജിച്ചു തുടങ്ങി.

നമ്മുടെ ജീവിതത്തിലും ഭയത്തെ അതിജീവിക്കാനുള്ള മാർഗ്ഗം ആദ്യം ഭയത്തെ തിരിച്ചറിയുക എന്നുള്ളതാണ്. രണ്ടാമതായി, ആ ഭയത്തിലേയ്ക്ക് എടുത്തുചാടാൻ തയ്യാറാവുക എന്നതാണ്. പ്രശ്നങ്ങളെ നേരിടാതെ ഭയം ഇല്ലാതാക്കാനാവില്ല.

ഭയത്തെ കീഴടക്കി വിജയിച്ചവരോട് സംസാരിക്കുക. ഇങ്ങനെ സ്വയം തിരിച്ചറിവ് നേടിയാൽ ഭയത്തെ മറികടക്കാനും വലിയ നേട്ടങ്ങൾ ഉണ്ടാക്കാനും നമുക്ക് സാധിക്കും. ഇതു പോലെ തന്നെ പ്രധാനമാണ് ഈശ്വരവിശ്വാസം ഉണ്ടായിരിക്കുക എന്നത്. നമ്മുടെ കൂടെ സദാ നമ്മെ കരുതുന്ന ഒരാൾ ഉണ്ടാവുക എന്ന വിശ്വാസം നമ്മെ ഭയത്തിൽ നിന്ന് മോചിപ്പിക്കും. ദൈവം നമ്മോട് പറയുന്നു, ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്.അതുകൊണ്ട് വലിയ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് മുമ്പില് തടസ്സമായി നിൽക്കുന്ന ഭയത്തെ ശരിയായ ഈശ്വര വിശ്വാസത്തിലൂടെയും ജീവിത ക്രമീകരണത്തിലൂടെയും നമുക്ക് മറികടക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

**326. എപ്പോഴാണ് ഒരധികാരി (അധികാരം) നിയമാനുസൃതമായി പ്രവർത്തിക്കുന്നത് ?**

പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുകയും അതിന്റെ ലക്ഷ്യങ്ങൾ നേടാൻ നീതിപൂർവ്വകമായ മാർഗ്ഗങ്ങൾ ഉപയോഗിക്കുകയും ചെയ്യുമ്പോൾ അധികാരി നിയമാനുസൃതമായി പ്രവർത്തിക്കുന്നു. (1903-1904, 1921)

ഒരു രാഷ്ട്രത്തിലെ ജനതയ്ക്ക് ഒരു വസ്തുതതയിൽ ആശ്രയിക്കാൻ കഴിയണം. എല്ലാവരേയും കടപ്പെടുത്തുന്ന നിയമങ്ങളുള്ള "നിയമങ്ങളുടെ ഗവൺമെന്റിന്റെ" കീഴിലാണ് തങ്ങൾ ജീവിക്കുന്നതെന്ന വസ്തുതതയാണത്. സ്വേച്ഛാപരവും നീതിരഹിതവുമായ അല്ലെങ്കിൽ സ്വാഭാവിക ധാർമ്മിക ക്രമത്തിന് എതിരായ നിയമങ്ങൾ അനുസരിക്കാൻ ആർക്കും കടമയില്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ അവയെ എതിർക്കാൻ അവകാശമുണ്ട്. ചില സാഹചര്യങ്ങളിൽ എതിർക്കാൻ കടമയുണ്ട്.

### *ലേഖനം തുടർച്ച...*

പാരമ്പര്യമായി നമുക്ക് ലഭിക്കേണ്ട ഗുണങ്ങളുണ്ട്. ആ ഗുണങ്ങൾ നമ്മിൽ നിക്ഷേപിക്കുന്നത് പരിശുദ്ധാത്മാവാണ്. നാം പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരായി മാറിയാൽ, നമ്മുടെ സ്വർഗത്തിലെ അപ്പന്റെ സ്വഭാവഗുണങ്ങൾ നമ്മിലും ഉളവാകും. യേശുവിനോടൊപ്പം അവിടുത്തെ മക്കളാകേണ്ടവരാണ് നാമെല്ലാം. "എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു" (യോഹന്നാൻ 14 :9) എന്ന് യേശു പറഞ്ഞു എങ്കിൽ, നമുക്കും പറയാനാകണം എന്നെ കാണുന്നവൻ എന്റെ പിതാവിനെ കാണുന്നു എന്ന്. ഓരോ ജീസസ്സ് യൂത്തും ആഗ്രഹിക്കേണ്ട ഒരു അംഗീകാരമാണത്.അതിന് നമുക്ക് യേശുവിന്റെ ജീവിത ശൈലി സ്വീകരിക്കുന്നവർ ആകാം.

ഒരു നല്ല ജീസസ്സ് യൂത്ത് ആകുവാൻ, യേശുവിനെ പിൻചെല്ലുവാൻ ഈ തൂണുകളിൽ നമ്മുടെ ജീവിതശൈലികൾ പണിതുയർത്താം. എന്നെ അനുഗമിക്കുക എന്ന് പത്രോസിനോട് പറഞ്ഞതുപോലെ നമ്മോടും അവിടുന്ന് പറയുന്നുണ്ട്. ഈ തൂണുകളുടെ സഹായത്തോടെ നമുക്ക് അവിടുത്തെ പിൻചെല്ലാം. ഈ ജീവിതശൈലികളിൽ ഏതെങ്കിലും കൈമോശം വന്നു, എപ്പോഴെങ്കിലും നാം അവിടുത്തെ വഴിയിൽനിന്ന് മാറിപോയിട്ടുണ്ടെങ്കിൽ, തിരിച്ചു വരാം. എത്ര തവണ വീണാലും നാം എഴുന്നേൽക്കണം. ഈ തൂണുകളിൽ പിടിച്ചു എഴുന്നേൽക്കണം. തെറ്റായ ജീവിതശൈലി രോഗങ്ങൾ നമ്മെ അലട്ടുന്നുണ്ടെങ്കിൽ ഈ തൂണുകൾ നമ്മെ സഹായിക്കട്ടെ, ഒരു നല്ല ജീവിതശൈലി രൂപപ്പെടുത്തുവാൻ, യേശുവിന്റെ വഴിയെ നടക്കുവാൻ, ഒരു നല്ല ജീസസ്സ് യൂത്താകുവാൻ... ആമേൻ

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

"ഗർവം നാശത്തിൻെറ മുന്നോടിയാണ്; വിനയം ബഹുമതിയുടെയും."

(സുഭാ.: 18:12)

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

ഫാമിലി - ബെന്നി ആലഞ്ചേരി - 05 690 2721

ഫോർമേഷൻ - ഷാരോൺ 052 160 3818

*(LSS, Philip Course & Paul Course)*

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

***"But if Christ is in you, then even though your body is subject to death because of sin, the Spirit gives life because of righteousness."***

***Romans 08:10***

## *പ്രാർത്ഥനാ സഹായം*




തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.

## *മലയാളം കുമ്പസാരം*

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

## *കൃതികൾ ക്ഷണിക്കുന്നു*

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## *പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്*

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)

---

### *വിശുദ്ധരുടെ ജീവിതങ്ങൾ - തുടർച്ച (പേജ് 6)*

ആരോഗ്യസംരക്ഷണകേന്ദ്രം, പാവപ്പെട്ട വൈദീക വിദ്യാർത്ഥികൾക്കുള്ള ഭവനം, സെന്റ്. ജോസഫ് പോളീഷ് ജർമ്മൻ കാത്തലിക്ക് സ്ക്കൂൾ എന്നിവയെല്ലാം അദ്ദേഹം തുടങ്ങി.

പ്രസ്ഥാവിത സ്ഥാപനങ്ങളെല്ലാം ശരിയായി നടത്തികൊണ്ടു പോകുന്നതിനു വേണ്ടി 1884 ഫെബ്രു 17-ാം തീയ്യതി അദ്ദേഹം സ്ഥാപിച്ചതാണ് സിസ്റ്റേഴ്സ് ഓഫ് സെന്റ്. ജോസഫ് എന്ന സമൂഹം. ദരിദ്രരുടെ പിതാവെന്നും ഭവനരഹിതരുടെ വൈദീകനെന്നും വിളിക്കപ്പെട്ടിരുന്ന സിഗ്മുണ്ടച്ചൻ ലവിവിൽ വച്ച് 1920 ജനുവരി 1-ാം തീയ്യതി നിര്യാതനായി. രണ്ടായിരമാണ്ട് ജൂൺ 26-ന് ജോൺ പോൾ രണ്ടാമൻ പാപ്പാ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ചേർത്തു. 2005 ഒക്ടോ 23-ന് ബനഡിക്റ്റു പതിനാറാമൻ പാപ്പാ സിഗ്മുണ്ടച്ചനെ വിശുദ്ധനെന്ന് നാമകരണം ചെയ്തു.

# അയർലണ്ടിലെ ഭ്രൂണഹത്യ ക്ലിനിക്കിനു മുമ്പിൽ അമേരിക്കൻ വൈദികന്റെ ഭൂതോച്ചാടനം.

ഡബ്ലിൻ: കടുത്ത തിന്മയായ ഗർഭഛിദ്രത്തിനെതിരെ അയർലണ്ടിലെ ഭ്രൂണഹത്യാ ക്ലിനിക്കിന് മുമ്പിൽ ഭൂതോച്ചാടനവുമായി കത്തോലിക്കാ വൈദികൻ. അമേരിക്കൻ വൈദികനായ ഫാ.സ്റ്റീഫൻ ഇംബരാറ്റോയാണ് അയർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിനടുത്ത് ഒരു തുറമുഖ നഗരത്തിൽ സ്ഥിതി ചെയ്യുന്ന ഭ്രൂണഹത്യ ക്ലിനിക്കിന് മുമ്പിൽ ഭൂതോച്ചാടനം നടത്തിയത്. ഭൂതോച്ചാടനത്തിന് മുമ്പായി ജൂൺ 15-ാം തീയതി പ്രത്യേക പ്രാർത്ഥനാ കൂട്ടായ്മയും വൈദികന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു.



മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥന ചൊല്ലിയാണ് അദ്ദേഹം ഭൂതോച്ചാടനം ആരംഭിച്ചത്. അയർലന്റിന്റെ മദ്ധ്യസ്ഥനായ വിശുദ്ധ പാട്രിക്കിന്റെ തിരുശേഷിപ്പുള്ള ഒരു ക്രൂശിതരൂപം ഭ്രൂണഹത്യാ ക്ലിനിക്കിനു മേലെ ഉയർത്തിപ്പിടിച്ചായിരുന്നു തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥന. പൈശാചിക ശക്തികളെ തുരത്താനായി ഫാ.സ്റ്റീഫൻ ഇംബരാറ്റോ വിശുദ്ധ ജലം തളിച്ചു. ഭ്രൂണഹത്യയിൽ നിന്നും ഗർഭസ്ഥ ശിശുക്കളെ രക്ഷിക്കാൻ ശ്രമിച്ചതിന്റെ പേരിൽ ജയിലിൽ കഴിയുന്ന മേരി വാഗ്നർ എന്ന കനേഡിയൻ പ്രോലൈഫ് ആക്റ്റിവിസ്റ്റാണ് തനിക്ക് പ്രചോദനമെന്ന് ഫാ.ഇംബരാറ്റോ പറഞ്ഞു.

ചുവന്ന റോസാപ്പൂക്കൾ കൊടുത്ത് ഭ്രൂണഹത്യ ചെയ്യാൻ വരുന്നവരെ അതിൽ നിന്നും പിൻതിരിപ്പിക്കുന്ന റെഡ്റോസ് റെസ്ക്യു മൂവ്മെന്റ് എന്ന പ്രോലൈഫ് സംഘടനയുടെ നേതൃത്വ പദവിയിലുള്ള പ്രോലൈഫ് ആക്റ്റിവിസ്റ്റാണ് ഫാ.സ്റ്റീഫൻ ഇംബരാറ്റോ. വൈദികൻ അയർലണ്ടിൽ വരുന്നതറിഞ്ഞ് ഭ്രൂണഹത്യ അനുകൂലികൾ അദ്ദേഹത്തിനെതിനെ രംഗത്തു വന്നിരുന്നു.




Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Saneesh George
**Editor** : Rijo Manimala **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net